കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ വകുപ്പിൽ നിലവിലുള്ള നിയമങ്ങൾ, ചട്ടങ്ങൾ, മാർഗ്ഗനിർദ്ദേശങ്ങൾ തുടങ്ങിയവ സമഗ്രമായി പുനഃപരിശോധിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിനായി തദ്ദേശ സ്വയംഭരണ പരിഷ്ക്കരണ കമ്മീഷൻ രൂപികരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ. (കൈ.) നം. 7/2025/തസ്വഭവ. *തിരുവനന്തപുരം, തീയതി, 10-01-2025*

---

ഉത്തരവ്

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിലവിലുള്ള നിയമങ്ങൾ, ചട്ടങ്ങൾ, മാർഗ്ഗനിർദ്ദേശങ്ങൾ തുടങ്ങിയവ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ കൂടി അടിസ്ഥാനത്തിൽ പരിഷ്കരിക്കുന്നതിനും വികസനസംബന്ധമായ കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിനും പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തുന്നതിനും കഴിയുന്ന രീതിയിൽ സമഗ്രമായി പുനഃപരിശോധിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിനായി തദ്ദേശ സ്വയംഭരണ പരിഷ്ക്കരണ കമ്മീഷൻ രൂപീകരിച്ചുകൊണ്ട് ഉത്തരവാകുന്നു.

<u>ടേംസ് ഓഫ് റഫറൻസ്</u>

1. തദ്ദേശസ്വയംഭരണ വകുപ്പിൽ നിലവിലുള്ള നിയമങ്ങൾ, ചട്ടങ്ങൾ, മാർഗനിർദ്ദേശങ്ങൾ തുടങ്ങിയവ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ കൂടി അടിസ്ഥാനത്തിൽ പരിഷ്ക്കരിക്കുക. ഇക്കാര്യത്തിൽ സന്തുലിതമായ ഒരു നിലപാട് സ്വീകരിക്കാനും വികസന സംബന്ധമായ കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാനും പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്താനും കഴിയുന്ന രീതിയിൽ പുനഃപരിശോധിച്ച് ശിപാർശകളും നിർദ്ദേശങ്ങളും സമർപ്പിക്കുക.

2. സേവനങ്ങൾ ജനങ്ങളുടെ അവകാശമാണ് എന്ന നയം മുൻനിർത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരമാവധി സേവനങ്ങൾ ഓഫീസ് സന്ദർശിക്കാതെ ജനങ്ങളിലെത്തിക്കാനുള്ള മാർഗനിർദ്ദേശങ്ങൾ സമർപ്പിക്കുക.

3. രാജ്യത്തെ ഇതര സംസ്ഥാനങ്ങളിലെ നിയമങ്ങളും ചട്ടങ്ങളും മാർഗനിർദ്ദേശങ്ങളും കൂടി പരിശോധിച്ച് സ്വീകരിക്കാവുന്ന ഗുണകരമായ കാര്യങ്ങൾ ഉൾപ്പെടുത്തുന്ന കാര്യം നിർദ്ദേശിക്കുക.

4. അന്തർദേശീയതലത്തിൽ സ്വീകരിക്കാവുന്ന മാതൃകകൾ ഉണ്ടെങ്കിൽ അവ നിർദ്ദേശിക്കുക.

5. ഡിജിറ്റലൈസേഷനും മൊബൈൽ ആപ്പുകളും ഇ-ഓഫീസ് സംവിധാനവും ഉൾപ്പെടെ ആധുനിക സാങ്കേതികവിദ്യ നിലവിൽ വന്നതിന്റെ പശ്ചാത്തലത്തിൽ നിലവിലുള്ള നടപടിക്രമങ്ങൾ, മാന്വലുകൾ, ചട്ടങ്ങൾ എന്നിവയിൽ വരുത്തേണ്ട ഭേദഗതി നിർദ്ദേശങ്ങൾ സമർപ്പിക്കുക.

6. നിലവിലുള്ള റെഗുലേറ്ററി സംവിധാനത്തിൽ കാലാനുസൃതമായ മാറ്റങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക.

7. പദ്ധതികൾ നടപ്പിലാക്കുന്ന കാര്യത്തിലെ നിർവ്വഹണശേഷി പര്യാപ്തമായ ഫണ്ട് ലഭ്യത കൂടി മുന്നിൽ കണ്ടുകൊണ്ട് അവലോകനം ചെയ്ത് നിർദ്ദേശങ്ങൾ സമർപ്പിക്കുക.

8. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും അർബൻ ലോക്കൽ ഗവൺമെന്റുകളുടെയും സേവനങ്ങൾ കൂടുതൽ ജനസൗഹൃദമാക്കാനും അവയുടെ വിഭവങ്ങൾ വർദ്ധിപ്പിക്കാനുമുള്ള നിർദ്ദേശങ്ങളും അതിനാവശ്യമായ മാർഗരേഖകളും ശിപാർശ ചെയ്യുക.

9. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എല്ലാ തട്ടുകളിലും ഭരണഘടനയുടെ ഷെഡ്യൂൾ 11, 12-നു കീഴിൽ വിഭാവനം ചെയ്യുന്ന വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ കഴിയുന്ന ഡാറ്റാധിഷ്ഠിത തീരുമാനങ്ങളെടുക്കുന്നതിനുള്ള ആർക്കിടെക്ചർ നിർദ്ദേശിക്കുക.

ഓഫീസും സ്റ്റാഫും

തദ്ദേശ സ്വയംഭരണ പരിഷ്കരണ കമ്മീഷനു വേണ്ടി ഓഫീസും അനുബന്ധ സൗകര്യങ്ങളും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവണ്മെന്റ് (IMG) ക്രമീകരിക്കേണ്ടതാണ്. തദ്ദേശസ്വയംഭരണ വകുപ്പ് ഇതിനാവശ്യമായ ഉദ്യോഗസ്ഥരെ പുനർവിന്യാസം വഴി നിയോഗിക്കേണ്ടതാണ്. ഇതിന്റെ ഭരണവകുപ്പ് എൽ.എസ്.ജി.ഡി. ആയിരിക്കും. ടൂറിസം വകുപ്പ് ആവശ്യമായ വാഹനവും ഡ്രൈവറെയും നൽകേണ്ടതാണ്. ഇതിന്റെ ചെലവ് നിലവിലുള്ള ഹെഡ് ഓഫ് അക്കൗണ്ടിൽ അധിക തുക നൽകിയോ ന്യൂ സർവ്വീസ്

പ്രൊസ്യൂജിയർ വഴിയോ ഒരുക്കുന്നതിന് ധനകാര്യ വകുപ്പ് നടപടി സ്വീകരിക്കേണ്ടതാണ്. കമ്മീഷന്റെ കാലാവധി ഒരു വർഷമായിരിക്കും.

റിപ്പോർട്ട് ഓരോ ഭാഗവും പൂർത്തിയാകുന്ന മുറയ്ക്ക് ഇടക്കാല റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി.

പകർപ്പ്:

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ധനകാര്യ വകുപ്പ്
ടൂറിസം വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ് (08.01.2025-ലെ ഇനം നമ്പർ 2612)
പൊതുഭരണ (AIS) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് എ & ഇ ), തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ സ്റ്റാഫ് ഓഫിസർക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎയ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എയ്ക്ക്
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.